**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION - Reg.No.ER/308/07**

**(Under the Holy Apostolic See of Antioch and All the East)**

*General Secretary,*

CHEV.M.J.MARKOSE
MAMALAYIL, EZHAKKARNAD P.O.
PUTHENCRUZ - 682308
PH: 0485 2246211, 9745046911,8073580719

M.J.S.S.A. HEAD QUARTERS
Puthencruz - 682 308
Kerala, India
Ph & Fax : 0484-2730150, 8078157150
Website : www.mjssa.in
Email : mjssahq@gmail.com

**Date:18-04-2018**

# കാതോലിക്കോസ് ബസ്സേലിയോസ് തോമസ് പ്രഥമൻ അക്കാദമി ഓഫ് എക്സലൻസ്

എം.ജെ.എസ്.എസ്.എ. യുടെ കീഴിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ്, തൊഴിൽ ലഭ്യത, സാധ്യത മുതലായവക്കാവശ്യമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും അഖിലേന്ത്യ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ഫൗണ്ടേഷൻ കോഴ്സ് എന്ന നിലയിലും ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്കായി 2018 ഏപ്രിൽ 30 തിങ്കൾ മുതൽ മെയ് 4 വെള്ളി വരെ എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസിൽ വച്ച് ഒരു കോഴ്സ് നടത്തുന്നു. സൺഡേസ്കൂൾ പഠനത്തോടൊപ്പം സ്വന്തമായി ജോലി നേടുന്നതിന് നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കുകയാണ് ലക്ഷ്യം. 30-ാം തീയതി; താല്പര്യമുള്ള എല്ലാ കുട്ടികൾക്കുമായി ഒരു പൊതു പരിശീലന പരിപാടിയും മെയ് 1 മുതൽ 4 വരെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി തീവ്ര പരിശീലനവും നൽകും. 4-ാം തീയതി കഴിഞ്ഞ ബാച്ചുകളിൽ പഠിച്ചിരുന്ന കുട്ടികൾക്കായി റിഫ്രഷർ കോഴ്സും ക്രമീകരിച്ചിട്ടുണ്ട്. ചേരാനാഗ്രഹിക്കുന്ന കുട്ടികൾ സൺഡേസ്കൂളുകൾ വഴി എം.ജെ.എസ്.എസ്.എ. കേന്ദ്ര ഓഫീസിൽ അറിയിക്കണം. ഒരു ദിവസത്തെ ക്ലാസിന് 100 രൂപയും 5 ദിവസത്തേക്ക് 500 രൂപയും രജിസ്ട്രേഷൻ ഫീസ് നൽകണം. കഴിഞ്ഞ ബാച്ചുകളിൽ പങ്കെടുത്തവർക്ക് രജിസ്ട്രേഷൻ ഫീസ് ഇല്ല. ഭക്ഷണം എം.ജെ.എസ്.എസ്.എ. ക്രമീകരിക്കും.

അഭിവന്ദ്യ പ്രസിഡന്റ് തിരുമേനിയുടെ കല്പന പ്രകാരം കോഴ്സുകളിൽ പങ്കെടുക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവർക്ക് പള്ളിയിൽ നിന്നും സ്പോൺസർ ചെയ്തോ ഇടവകാംഗങ്ങൾ സ്പോൺസർ ചെയ്തോ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുവാൻ സൺഡേസ്കൂൾ അദ്ധ്യാപകരും പള്ളി ഭാരവാഹികളും സഹകരിക്കണം. ജാതിമതഭേതമന്യേ ആർക്കും കോഴ്സിൽ പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന.

എന്ന്

**ഷെവ. എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി**